## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4080** **09-08-2021 - ൽ മറുപടിയ്ക്ക്**

## റോഡുകളുടെ വശങ്ങളിലെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷനുകൾക്ക് കീഴിലായി വരുന്ന പി.ഡബ്ല്യു.ഡി. റോഡുകളുടെ വശങ്ങളിലെ അനധികൃത നിർമ്മാണങ്ങളും കൃഷിയും പരസ്യബോർഡുകളും അതോടൊപ്പം നിർമ്മാണ സാമഗ്രികൾ, തടികൾ എന്നിവ സൂക്ഷിക്കുന്നതിനായുള്ള കൈയ്യേറ്റങ്ങളും കാരണം ദിനംപ്രതി നിരവധി റോഡപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലെ അനധികൃത നിർമ്മാണങ്ങളും കൃഷിയും പരസ്യബോർഡുകളും, തടി/നിർമ്മാണ സാമഗ്രികൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. 30.07.2021-ൽ ഒന്നാംഘട്ട Eviction നടത്തി. |
| (ബി) | പ്രസ്തുത അനധികൃത കൈയ്യേറ്റങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ഒഴിപ്പിക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ; മണ്ഡലത്തിലെ ചെറുതും വലുതുമായ മുഴുവൻ പൊതുമരാമത്ത് റോഡുകളിലേയും അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം പി.ഡബ്ല്യു.ഡി. യുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | അനധികൃത നിർമ്മാണങ്ങൾ/കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡുകളിലെ കാലഹരണപ്പെട്ട ഡ്രെയിനേജുകൾ പുനർനിർമ്മിക്കുന്നതിനും സ്ലാബുകൾ മാറ്റിസ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | നടപടികൾ സ്വികരിച്ചിട്ടുണ്ട്. പാറശ്ശാല ആശുപത്രി ജംഗ്ഷനിലെ പൊട്ടിയ സ്ലാബുകൾ മാറ്റി പുതിയ സ്ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. മാമ്പഴക്കര റോഡിൽ Ch.3/600 മുതൽ 4/600 വരെ ഓട ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അടിയന്തര പ്രാധാന്യമുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ